പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2717. | 14.12.2015 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കൾക്ക് എൻ.സി.വി.ടി അഫിലിയേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ഐ.ടി.ഐ കളുടെ എൻ.സി.വി.ടി അഫിലിയേഷൻ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. കളുടെ എൻ.സി.വി.ടി. അഫിലിയേഷൻ 5 വർഷത്തേയ്ക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നും 5 വർഷത്തിന് മുൻപ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളും 2015 ആഗസ്റ്റിനു മുൻപ് വീണ്ടും എൻ.സി.വി.ടി അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്നും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്(DGT) അറിയിച്ചിരുന്നു.<br>2015-16 പരിശീലന വർഷം കൂടി റീ അഫിലിയേഷൻ കൂടാതെ തന്നെ എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കൾക്കും പ്രവേശനം നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) 2015 ൽ പ്രവേശനം നടത്തുന്ന ഏതെല്ലാം സർക്കാർ ഐ.ടി.ഐ കൾക്ക് എൻ.സി.വി.ടി അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) 2015-ൽ പ്രവേശനം നടത്തുന്ന സംസ്ഥാനത്തെ ഒരു സർക്കാർ ഐ.ടി.ഐ.യ്ക്കും എൻ.സി.വി.ടി അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടില്ല. |
| (സി) 2014 ൽ റീ അഫിലിയേഷൻ നടത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നടപടികൾ സംസ്ഥാന സർക്കാർ നടപ്പാക്കിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ? | (സി) DGT യുടെ മാനദണ്ഡമനുസരിച്ച്, റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് DGT യുടെ പുതുക്കിയ സിലബസ് പ്രകാരം ആവശ്യമായ പഠനോപകരണങ്ങളും യന്ത്ര സാമഗ്രികളും സംഭരണം നടത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ